# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.79/PR/PIC/PHQ/18 Date :31.03.2018

## സംസ്ഥാന വ്യാപകമായി ആന്റിപൈറസി സെൽ നടത്തിയ റെയ്ഡിൽ 14 പേർ അറസ്റ്റിൽ

ആന്റിപൈറസി സെൽ സംസ്ഥാനതലത്തിൽ വ്യാജ സിഡികൾ കണ്ടെത്തുന്നതിന് നടത്തിയ പരിശോധനയിൽ 14 പേർ അറസ്റ്റിലായി. ആലപ്പുഴ ജില്ലയിൽ ആലപ്പുഴ മുൻസിപാലിറ്റിയിൽ സൺ മ്യൂസിക് ഷോപ്പുടമ മുഹമ്മദ് ഷരീഫ്, മലപ്പുറം ജില്ലയിൽ പുലമന്തോൾ ഡിജിറ്റൽ മൊബൈൽസ് ഷോപ്പുടമ യൂസഫ്, മേലാറ്റൂർ ക്യാമ്പസ് മൊബൈൽസ് ഷോപ്പുടമ ഷഫീക് റഹ്മാൻ, മക്കരപറമ്പ വീ വൺ മൊബൈൽസ് ഷോപ്പുടമ, മുഹമ്മദ് ആഷിക്ക്, വളാഞ്ചേരി സെയിൽസ് കമ്മ്യൂണിക്കേഷൻസ് ഷോപ്പുടമ റിയാസ്, കോട്ടയം ജില്ലയിൽ പാലാ പഴയ ബസ് സ്റ്റാൻഡിന് സമീപം ആപ്പിൾ മൊബൈൽ ഷോപ്പുടമ മനോജ്, മുണ്ടക്കയം കളേഴ്സ് സി.ഡി ഷോപ്പുടമ , അസീബ്, നാലുകോടി നവന ലേഡീസ് സ്റ്റോർ ഷോപ്പുടമ ജോസഫ്, കോട്ടയം സെൻട്രൽ ജംഗ്ഷനിൽ കെ.കെ.റോഡിന് വലതുവശം ആനന്ദ് ഹോട്ടലിന് മുൻവശം ഫുട്പാത്തിൽ സി.ഡി കച്ചവടം നടത്തിയിരുന്ന റഷീദ്, സംക്രാന്തി നയൺ ഫോർ മൊബൈൽസ് ഷോപ്പുടമ ഫിറോസ് ഖാൻ, ഇടുക്കി ജില്ലയിൽ ഇടശ്ശേരി ജംഗ്ഷനിൽ റാഫാ വേൾഡ് ഷോപ്പുടമ ജയിംസ് ജോസഫ്, തൊടുപുഴ മുനിസിപ്പാലിറ്റിയിൽ ഇടുക്കി മൊബൈൽസ് ഷോപ്പുടമ രഞ്ജിത്ത്, പത്തനംതിട്ട ജില്ലയിൽ ആങ്ങാമൂഴി റെയിൻബോ ഹൈ ടെക്ക് സൊല്യൂഷൻ ഷോപ്പുടമ ഷിബു, തിരുവനന്തപുരം ജില്ലയിൽ നരുവാമൂട് ഡി.വി.ഡി.കട ഷോപ്പുടമ അഭിലാഷ് എന്നിവരാണ് അറസ്റ്റിലായത്. ഇവയിൽ മിക്ക മൊബൈൽ കടകളും പ്രധാന സ്കൂളുകളുടെ പരിസരത്ത് സ്ഥിതി ചെയ്യുന്നവയാണ്.

ക്രൈംബ്രാഞ്ച് ആന്റിപൈറസി സെൽ ഡിവൈ.എസ്.പി. രാഗേഷ് കുമാർ.വി, ഡിക്റ്ററ്റീവ് ഇൻസ്പെക്ടർ പി എസ് രാകേഷ്, ഡിറ്റക്ടീവ് സബ് ഇൻസ്പെക്ടർമാരായ രൂപേഷ് കുമാർ.ജെ.ആർ, സുരേന്ദ്രൻ ആചാരി, സീനിയർ സിവിൽ പോലീസ് ഓഫീസർ സ്റ്റാൻലി ജോൺ, സിവിൽ പോലീസ് ഓഫീസർമാരായ സന്ദീപ്, സ്റ്റെർലിൻ രാജ്, ബെന്നി, അജയൻ, അദിൻഅശോക്, സുബീഷ്, ആദർശ് അജിത്ത് പ്രസാദ് സിറിൽ എന്നിവരെക്കൂടാതെ വിവിധ ലോക്കൽ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.മാരും പോലീസുദ്യോഗസ്ഥരും പരിശോധനയിൽ പങ്കെടുത്തു. ബുക്ക് പൈറസി, മ്യൂസിക് പൈറസി തുടങ്ങിയവ ചെയ്യുന്ന ലോബികളെ കണ്ടെത്തുന്നതിനുള്ള റെയ്ഡുകൾ തുടരുമെന്നും എസ്.പി. ബി.കെ പ്രശാന്തൻ അറിയിച്ചു.

*********